പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T4275 24/06/2019 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകൾ

ചോദ്യം

**ശ്രീ.പി.ടി. തോമസ് :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിൽ എത്ര ക്ഷേമനിധി ബോർഡുകൾ ഉണ്ടെന്നും ഏതെല്ലാമെന്നും വിശദമാക്കുമോ; | (എ) | വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | ഓരോ ക്ഷേമനിധിബോർഡും എന്നാണ് നിലവിൽ വന്നതെന്നും നിലവിൽ വന്നശേഷം എത്ര ഗുണഭോക്താക്കൾ ഓരോ ക്ഷേമനിധി ബോർഡിലും ഉണ്ടായിരുന്നുവെന്നും 2018-19 വർഷം ഈ ഓരോ ക്ഷേമനിധി ബോർഡിലും എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നും വിശദമാക്കുമോ; | (ബി) | വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | ഓരോ ക്ഷേമനിധി ബോർഡും രൂപീകൃതമായശേഷം ഇതുവരെ എത്ര രൂപ ഓരോ ബോർഡിനും ഗുണഭോക്തൃവിഹിതമായും മറ്റിനത്തിലും ലഭിച്ചു എന്ന് വിശദമാക്കുമോ; | (സി) | വിവരങ്ങൾ അനുബന്ധം- 3 ആയി ചേർക്കുന്നു. |
| (ഡി) | ഇങ്ങനെ ലഭിച്ച തുകയിൽ എത്ര കോടി രൂപ നാളിതുവരെ ഓരോ ബോർഡും ക്ഷേമനിധിയിൽ നിന്നും ഗുണഭോക്തൃവിഹിതമായി ചെലവഴിച്ചു എന്നും വിശദമാക്കുമോ? | (ഡി) | വിവരങ്ങൾ അനുബന്ധം- 4 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

1. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡ്
4. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
5. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
7. കേരള ഷോപ്പ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡ്
8. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
9. കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്
10. കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്.
11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്
13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
14. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
15. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്
16. കേരള തയ്യൽ തൊഴിലാളിക്ഷേമനിധി ബോർഡ്
17. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
18. കേരള മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡ്
19. കേരള റേഷൻ വ്യാപാരി ക്ഷേമനിധി
20. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റി
21. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്
22. കേരള ക്ഷീര കർഷക ക്ഷേമനിധി
23. വ്യാപാരി ക്ഷേമബോർഡ്
24. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്
25. കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ്
26. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ്
27. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്
28. കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്

സെക്ഷൻ ഓഫീസർ

# അനുബന്ധം - 2

| | | |
|---|---|---|
| 1 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | സ.ഉ (പി)നം.64/2010/തൊഴിൽ തീയതി 29.05.2010 പ്രകാരം 2010 -ൽ ആണ് കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നത് 2012 ഡിസംബറിൽ 10894 അംഗങ്ങൾ ഉണ്ടായിരുന്നു. 2018-19 വർഷത്തിൽ ബോർഡിലെ ആകെ അംഗങ്ങളുടെ എണ്ണം 19000 ആണ്. |
| 2 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് 1970 ൽ നിലവിൽ വന്നു. 1972-73 ലെ കണക്ക് പ്രകാരം 25966 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 20812 രജിസ്റ്റർ ചെയ്ത തൊഴിലാളികൾ ഉണ്ട്. |
| 3 | കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡ് | 02.02.2016 -ലെ സ.ഉ(അച്ചടി) നം.24/2016/ തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചപ്പോൾ കൂട്ടിചേർത്ത ആറ് പദ്ധതികളിലായി 478375 പേർ ഉണ്ടായിരുന്നു. 2018-19 വർഷം 431023 അംഗങ്ങൾ പദ്ധതിയിൽ ഉണ്ട്. |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് 1990 ഏപ്രിൽ മാസം 5-ാം തീയതി നിലവിൽ വന്നു. അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെ 3108 രജിസ്റ്റേഡ് തൊഴിലാളികൾ നിലവിൽ ഉണ്ട്. |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 1977 മെയ് 1 നാണ് കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്.. 2018-19 സാമ്പത്തിക വർഷത്തിൽ കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ 4,59,554 തൊഴിലാളികൾ ഉണ്ട് |
| 6 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 05.08.2000 - ൽ ആണ് ഈ ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. ബോർഡ് നിലവിൽ വരുമ്പോൾ 1,841 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു.. 2018-19 വർഷം 87,563 ഗുണഭോക്താക്കൾ ഉണ്ട് |
| 7 | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | സ.ഉ(എം.എസ്)നം.29/2007/തൊഴിൽ പ്രകാരം 15/03/2007 ലാണ് കേരള ഷോപ്പ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. 30/04/2007 -ൽ സ്വയം തൊഴിൽ ചെയ്യുന്നവർ ഉൾപ്പെടെ 795 സ്ഥാപനങ്ങളിൽ നിന്നായി 2965 അംഗങ്ങളാണുള്ളത്. 2018-19 വർഷം ഈ ക്ഷേമനിധി ബോർഡിൽ 176266 സ്ഥാപനങ്ങളിൽ നിന്നായി 1126114 അംഗങ്ങളാണുള്ളത്. |

| | | |
|---|---|---|
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് 1989 ലാണ് നിലവിൽ വന്നത്. ബോർഡിൽ ഇതുവരെ 70310 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് 2018-19 വർഷം ഈ ബോർഡിൽ 59310 ഗുണഭോക്താക്കൾ ഉണ്ട്. |
| 9 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് 1995-ൽ നിലവിൽ വന്നു. ഈ ബോർഡിൽ 7540 ഗുണഭോക്താക്കൾ നിലവിലുണ്ട് |
| 10 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. | 15.07.1989 -ൽ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി രൂപീകൃതമായി തുടർന്ന് 19.08.1996 -ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻസ് ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് പ്രകാരവും 14.08.1998 -ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻസ് ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസ് പ്രകാരവും കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇല്ലാതാവുകയും തൽസ്ഥാനത്ത് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് എന്ന പേരിൽ കേന്ദ്ര നിയമ പ്രകാരം പുതിയ ബോർഡ് രൂപീകൃതമാവുകയും ചെയ്തു. ഈ ബോർഡ് രൂപീകൃതമാകുമ്പോൾ 1990120 അംഗങ്ങൾ ഉണ്ടായിരുന്നു 2018-19 വർഷം ഗുണഭോക്താക്കളുടെ എണ്ണം 1534013 ആണ്. |
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് 1985 -ൽ നിലവിൽ വന്നു. നാളിതുവരെ 9,11,364 ഗുണഭോക്താക്കൾ ബോർഡിലെ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ആകെ 41,704 ഗുണഭോക്താക്കൾ ആണ് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം സ്വീകരിച്ചിട്ടുള്ളത്. |
| 12 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് | 1981 -ലെ കേരള ചുമട്ട് തൊഴിലാളി ചട്ടം 4 പ്രകാരം കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് രൂപീകരിക്കുകയും തുടർന്ന് വകുപ്പ് 18 പ്രകാരം കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ അൺഅറ്റാച്ച്ഡ്, സ്കാറ്റേർഡ്, അറ്റാച്ച്ഡ് വിഭാഗങ്ങളിലായി യഥാക്രമം 38857, 32438, 860 (03.2019 ലെ നിലവെച്ച്) തൊഴിലാളികൾ അംഗങ്ങളായി ട്ടുണ്ട് |
| 13 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 2009 ജൂൺ 11 തീയതിയിലെ ജി.ഒ.(പി) നം.74/2009/തൊഴിൽ ഉത്തരവ് പ്രകാരമാണ് കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. പ്രസ്തുത ബോർഡ് നിലവിൽ വന്ന വർഷം 2403 അംഗങ്ങൾ ഉണ്ടായിരുന്നു. 2018-19 വർഷത്തിൽ 15656 അംഗങ്ങൾ ഉണ്ട് |
| 14 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേനിധി ബോർഡ് നിലവിൽ വന്നത് 1989 ഏപ്രിലിൽ ആണ്. 2017-18 വർഷം വരെ ആകെ 243979 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. 2018-19 വർഷത്തിൽ ബോർഡിൽ ആകെ 247623 ഗുണഭോക്താക്കൾ ഉണ്ട് |

| | | |
|---|---|---|
| 15 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് 1990 ജൂലായ് 5-ാം തീയതിയിലെ ജി.ഒ.(പി)52/90 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്നു. ഇതുവരെ 2411752 പേർ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം വരെ 1604339 അംഗങ്ങൾ ഉണ്ട്. |
| 16 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1994 ലെ കേരള സംസ്ഥാന നിയമസഭയുടെ 16-ാം ആക്ട് പ്രകാരം 29.05.1995 ജി.ഒ(പി)36/95/തൊഴിൽ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് 01.06.1995 മുതൽ നിലവിൽ വന്നു. 1997-98 കാലയളവിൽ 52941 തൊഴിലാളികൾ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളതും. 31.03.1998 വരെ 137853 തൊഴിലാളികൾ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. 2019 മാർച്ച് മാസത്തെ കണക്കനുസരിച്ച് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വം 820606 ആണ് |
| 17 | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് നിലവിൽ വന്നത് 28/01/2011 - ൽ ആണ്. ക്ഷേമനിധി ബോർഡ് നിലിവിൽ വന്നപ്പോൾ 93 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. 2018-19 വർഷം 6302 ഗുണഭോക്താക്കളുണ്ട്. |
| 18 | കേരള മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡ് | കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് 24/11/1986 തിയ്യതിയിലാണ് നിലവിൽ വന്നത്. ബോർഡ് നിലവിൽ വന്നശേഷം 2017-18 കാലയളവ് വരെ 3,17,029 ഗുണഭോക്താക്കളും 2018-19 വർഷത്തിൽ 3,27,437 ഗുണഭോക്താക്കളുമാണ് ഉള്ളത്. |
| 19 | കേരള റേഷൻ വ്യപാരി ക്ഷേമനിധി | കേരള റേഷൻ വ്യപാരി ക്ഷേമനിധി 2000 - ൽ നിലവിൽ വന്നു. നിലവിൽ ആകെ അംഗങ്ങളുടെ എണ്ണം - 11500. നിലവിൽ ആകെ പെൻഷനേഴ്സിന്റെ എണ്ണം - 1264 |
| 20 | കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റി | 2003 - ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് പ്രകാരം കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി 2004 - ൽ രൂപീകൃതമായി. നാളിതുവരെ അംഗങ്ങളായി 5182 ഗുണഭോക്താക്കളാണുള്ളത് 2018 -19 കാലയളവിൽ 228 അംഗങ്ങൾ ഗുണഭോക്താക്കളായി അംഗത്വം എടുത്തിട്ടുണ്ട്. |
| 21 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിവിൽ വന്നത് 05/04/1990 -ലാണ് 2018-2019 വർഷം വരെ ക്ഷേമനിധിയിൽ ആകെ 24,611 പേർക്ക് അംഗത്വം നൽകിയിട്ടുണ്ട്. ഇതിൽ 10,239 പേർ ജോലിയിൽ നിന്നും പിരിഞ്ഞു പോയി നിലവിലെ ഗുണഭോക്താക്കൾ 14,372 പേരാണ്. |

| | | |
|---|---|---|
| 22 | കേരള ക്ഷീര കർഷക ക്ഷേമനിധി | 24/08/2005 തീയതിയിലെ 16250/ലെഗ് യൂണി.3/ 2005/നിയമം-നമ്പർ ഓർഡിനൻസ് പ്രകാരം കേരള ക്ഷീരകർഷക ക്ഷേമനിധി രൂപീകൃതമാവുകയും, 2007 ഏപ്രിൽ 13 ലെ 6173/ലെഗ്.യൂണി.1/07/നിയമം-നമ്പർ വിജ്ഞാപന പ്രകാരം കേരള ക്ഷീരകർഷക ക്ഷേമനിധി നിയമം മുൻകാല പ്രാബല്യത്തോടെ നിലവിൽ വരുകയും ചെയ്തു.<br>ക്ഷേമനിധി ബോർഡ് നിലവിൽ വന്നതിനു ശേഷം 2006 ജനുവരി 31 വരെ 103100 പേർ അംഗത്വമെടുത്തിട്ടുണ്ട്. 2018-19 വർഷത്തിൽ 13136 പേർക്ക് അംഗത്വം നല്കിയിട്ടുണ്ട്. നാളിതുവരെ 327057 പേർക്ക് ക്ഷേമനിധി അംഗത്വം നൽകിയിട്ടുള്ളതാകുന്നു. |
| 23 | വ്യാപാരി ക്ഷേമബോർഡ് | വ്യാപാരി ക്ഷേമബോർഡ് 1992 ലെ ജി.ഒ (പി) നം 16/92/നി വ . പ്രകാരം രൂപപ്പെട്ടു. |
| 24 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1989 ഫെബ്രുവരി 2ന് നിലവിൽ വന്ന കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രാരംഭത്തിൽ 17200 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു.<br>2017- 18 2018-19<br>തൊഴിലാളികൾ - 160217 158171<br>ഉടമകൾ - 30344 29756 |
| 25 | കേരള സ്റ്റേറ്റ് കോ -ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ് | കേരള സ്റ്റേറ്റ് കോ - ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ് 01/04/1986 - ൽ നിലവിൽ വന്നു. നിലവിൽ ആകെ അംഗങ്ങളുടെ എണ്ണം - 93654 |
| 26. | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ് | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ് 2009 - ൽ നിലവിൽ വന്നപ്പോൾ 8698 അംഗങ്ങൾ രജിസ്റ്റർ ചെയ്തിരുന്നു. ആകെ രജിസ്റ്റർ ചെയ്ത അംഗങ്ങളായ 71,349 പേരിൽ 2018-19 വർഷത്തിൽ 50677 പേർ സജീവ അംഗത്വം നിലനിർത്തിയിട്ടുണ്ട്. |
| 27 | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് | 3.7.2000 ലെ ജി.ഒ(പി) 108/2000/സഹ. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്നശേഷം റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 51123 അംഗങ്ങൾ ഉണ്ടായിരുന്നു. 2018-19 ൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 9615 അംഗങ്ങൾ ഉണ്ട്. |
| 28 | കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് | അങ്കണവാടി ക്ഷേമനിധി ബോർഡ് 07/03/2013 ൽ രൂപീകരിച്ച ബോർഡ് നിലവിൽ വന്നപ്പോൾ 31,588 അങ്കണവാടി വർക്കർമാരും 30216 അങ്കണവാടി ഹെൽപ്പർമാരും ചേർന്ന് ആകെ 61,804 അംഗങ്ങൾ ഉണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

| | | |
|---|---|---|
| 1 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | ബോർഡിന് നാളിതുവരെ **72,50,625/-** രൂപ സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| 2 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | ക്ഷേമനിധിയിനത്തിലും പലിശ വരുമാനത്തിലും ഗ്രാന്റിനത്തിലുമായി 3277.87 കോടി രൂപ വരവിനത്തിൽ നാളിതുവരെ ലഭിച്ചു. |
| 3 | കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡ് | 2017-18 വർഷം ഗുണഭോക്തൃ വിഹിതമായി **7,78,76,706/-** രൂപ ലഭിച്ചിട്ടുണ്ട്. 2018-19 വർഷം ഗുണഭോക്തൃ വിഹിതമായി **11,92,68,730/-** രൂപയും സർക്കാർ വിഹിതമായി **82,48,800/-** രൂപയും ലഭിച്ചിട്ടുണ്ട്. |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന് ഗുണഭോക്തൃവിഹിതമായി തുക ലഭിച്ചിട്ടില്ല. ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യവിതരണത്തിനായി 1996-97, 1997-98 വർഷങ്ങളിൽ **41,51,00,000/-** രൂപ ലഭിച്ചിട്ടുണ്ട്. |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-19 സാമ്പത്തിക വർഷത്തിൽ കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ **1,40,95,345/-** രൂപ ഗുണഭോക്തൃ വിഹിതമായി ലഭിച്ചിട്ടുണ്ട് |
| 6 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | ഗുണഭോക്തൃവിഹിതം:<br>അംശാദായം - **4,28,39,674/-**<br>രജിസ്ട്രേഷൻ - **8,75,630/-**<br>പിഴ - **9,85,547/-**<br>പാസ്ബുക്ക് - **5,55,467/-** |
| 7 | കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | ക്ഷേമനിധി ബോർഡ് രൂപീകൃതമായതിന് ശേഷം ഇതുവരെ **72,27,78,201/-** രൂപ തൊഴിലുടമ വിഹിതമായും **72,27,78,201/-** രൂപ തൊഴിലാളി വിഹിതമായും ലഭിച്ചിട്ടുണ്ട് |
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന് ഇതുവരെ ഗുണഭോക്തൃ വിഹിതമായി **10,95,94,000/-** രൂപയും, പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാനായി **71,98,14,128/-** രൂപയും ഇതുവരെ അനുവദിച്ചിട്ടുണ്ട്. |
| 9 | കേരള ബീഡി -ചുരുട്ട്തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ബീഡി - ചുരുട്ട്തൊഴിലാളി ക്ഷേമനിധി ബോർഡിന് ഇതുവരെ **1,62,86,400/-** രൂപ ലഭിച്ചിട്ടുണ്ട് |
| 10 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് രൂപീകൃതമായ ശേഷം നാളിതുവരെയായി ബോർഡിന്റെ അംഗ തൊഴിലാളികളിൽ നിന്നും ഗുണഭോക്തൃ വിഹിതമായി **379,08,49,636/-** രൂപ മറ്റിനങ്ങളിൽ **1963,95,67,076/-** രൂപയും ഉൾപ്പെടെ ആകെ **2343,04,16,712/-** രൂപ ലഭ്യമായിട്ടുണ്ട് |
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകൃതമായ ശേഷം നാളിതുവരെ ഗുണഭോക്തൃ വിഹിതമായും മറ്റിനത്തിലും കൂടി ആകെ 28,27,84,51,625/- രൂപ ലഭിച്ചിട്ടുണ്ട്. |
| 12 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗത്തിൽ 03/2018 വരെ വർക്കേഴ്സ് കോൺട്രിബ്യൂഷൻ |

| | | |
|---|---|---|
| | | ഇനത്തിൽ **20,93,94,924.50/-** രൂപയും ഗവൺമെന്റ് ഗ്രാന്റ് ഇനത്തിൽ **15,39,70,175/-** രൂപയും ചേർത്ത് ആകെ **36,33,65,099.50/-** രൂപ ലഭിച്ചിട്ടുണ്ട്. |
| 13 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | നാളിതു വരെ ലഭിച്ച ഗുണഭോക്തൃ വിഹിതം - രൂപ **2,53,80,719/-**<br>രജിസ്ട്രേഷൻ ഫീസ് **- 3,16,410/- രൂപ**<br>നിക്ഷേപങ്ങളിന്മേൽ ലഭിച്ച പലിശ - **1,05,59,789/-**<br>പീനൽ ഇന്ററസ്റ്റ് **- 74,333/- രൂപ** |
| 14 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് നാളിതുവരെ ഗുണഭോക്തൃ വിഹിതമായും (തൊഴിലാളി തൊഴിലുടമ വിഹിതം) മറ്റിനത്തിലുമായി **75,62,15,637/-** രൂപ ലഭിക്കുകയുണ്ടായി നിലവിൽ പെൻഷൻ പൂർണ്ണമായും സർക്കാർ ധനസഹായത്താലാണ് നൽകുന്നത്. |
| 15 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദായമിനത്തിൽ 258.40 കോടി രൂപയുടെ വരവും, മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 5.83 കോടി രൂപയും സർക്കാരിൽ നിന്നുള്ള സംഭാവന ഇനത്തിൽ 244 കോടി രൂപയും ലഭിച്ചിട്ടുണ്ട് |
| 16 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകൃതമായതിനു ശേഷം നാളിതുവരെ അംഗങ്ങളിൽ നിന്നുള്ള അംശദായ ഇനത്തിൽ **1,53,18,61,076/-** രൂപയും സർക്കാർ വിഹിതമായി നാളിതുവരെ **2,04,58,65,701/-** രൂപയും ചേർത്ത് ആകെ **3,57,77,26,777/-** രൂപ ലഭിച്ചിട്ടുണ്ട് |
| 17 | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് | കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ബോർഡ് രൂപീകൃതമായ ശേഷം 2012-13 മുതൽ 2018-19 വരെയുള്ള കാലയളവിൽ 3,56,60,189/- രൂപ അംശദായ ഇനത്തിലും 37,690,1744/- രൂപ സെസ്സ് ഇനത്തിലുമായി ലഭിച്ചിട്ടുണ്ട്. |
| 18 | കേരള മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡ് | മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡ് രൂപീകൃതമായശേഷം ഇതുവരെ ബോർഡിന് ഗുണഭോക്തൃവിഹിത ഇനത്തിൽ 7110.47 ലക്ഷം രൂപയും മറ്റിനത്തിൽ 3314.59 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |
| 19 | കേരള റേഷൻ വ്യാപാരി ക്ഷേമനിധി | കേരള റേഷൻ വ്യാപാരി ക്ഷേമനിധിയ്ക്ക് ഗുണഭോക്തൃ വിഹിത ഇനത്തിൽ സർക്കാർ ധനസഹായം ലഭിച്ചിട്ടില്ല. ഈ ആഫീസ് തുടങ്ങുന്നതിനും പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി ആകെ 2,50,00,000/- (രണ്ടു കോടി അൻപതു ലക്ഷം രൂപ) രൂപ സിവിൽ സപ്ലൈസ് വകുപ്പിന്റെ പി.ഡി. അക്കൗണ്ടിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| 20 | കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റി | കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി രൂപീകൃതമായതിനുശേഷം 56,86,43,426/- രൂപ ഗുണഭോക്തൃ വിഹിതമായും, മറ്റിനത്തിലും ലഭിച്ചിട്ടുണ്ട്. |
| 21 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | ഖാദി തൊഴിലാളിയുടെ പ്രതിമാസ വേതനത്തിന്റെ തുല്യതുകയാണ് സർക്കാർ വിഹിതമായി ബോർഡിന് |

| | | |
|---|---|---|
| | | ലഭിക്കുന്നത്. ഇത് 2018-19 വരെ 12,29,03,808/- രൂപ ലഭിച്ചു. |
| 22 | കേരള ക്ഷീര കർഷക ക്ഷേമനിധി | ക്ഷീര കർഷകർ, പ്രാഥമിക ക്ഷീരസംഘങ്ങൾ, റീജിയണൽ യൂണിയനുകൾ എന്നിവയിൽ നിന്ന് അംശദായ വിഹിതമായി 2,39,58,16,673.14 രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്. സർക്കാർ വിഹിതമായി 92,81,85,936/- രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്. |
| 23 | വ്യാപാരി ക്ഷേമബോർഡ് | വ്യാപാരി ക്ഷേമ ബോർഡിന് ഗുണഭോക്തൃ വിഹിതമായി ബോർഡ് രൂപീകൃതമായ 1992 മുതൽ ഇതുവരെ 14.04 കോടി രൂപയും ഗവൺമെന്റ് ഗ്രാന്റായി 64 കോടി രൂപയും ചേർത്ത് 78.04 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| 24 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഗുണഭോക്തൃ വിഹിതമായി 3666.23 ലക്ഷം രൂപയും ഗ്രാന്റിനത്തിൽ 59664.13 ലക്ഷം രൂപയും മറ്റിനത്തിൽ 838.18 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |
| 25 | കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് എംപ്ലോയിസ് വെൽഫയർ ബോർഡ് | കേരള സ്റ്റേറ്റ് കോ - ഓപ്പറേറ്റീവ് എംപ്ലോയിസ് വെൽഫയർ ബോർഡിന് ഗുണഭോക്തൃ വിഹിതമായി സർക്കാർ ധനസഹായം ലഭിച്ചിട്ടില്ല. ഗുണഭോക്താക്കളായ സഹകരണ സംഘം ജീവനക്കാരുടെയും അവരുടെ സ്ഥാപനത്തിന്റെയും പ്രതിമാസ വിഹിതമായി 2018-19 സാമ്പത്തിക വർഷം വരെ ആകെ (ലഭിച്ച തുക) - 144,02,35,771/- രൂപ ലഭിച്ചിട്ടുണ്ട്. |
| 26 | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപന ക്കാരുടെയും ക്ഷേമനിധി ബോർഡ് | കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് രൂപീകൃതമായ ശേഷം ഇതുവരെ 15,71,93,415/- രൂപ ഗുണഭോക്തൃ വിഹിതമായി (Registration Fee, Subscription Fee, Ticket Account Book Fee, Duplicate passbook Fee, passbool 2 Fee, Fine) ലഭിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവിന്റെ ഒരു ശതമാനം തുക ക്ഷേമനിധി പദ്ധതി നടത്തിപ്പിലേക്കുള്ള സർക്കാർ സംഭാവനയിനത്തിൽ നീക്കിവയ്ക്കണമെന്നാണ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് . ഓരോ സാമ്പത്തിക വർഷത്തെയും പ്രവർത്തനത്തിനായി '2075-00-103-96-10 കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപന ക്കാരുടെയും ക്ഷേമനിധിയിലേക്കുള്ള സർക്കാർ സംഭാവന' എന്ന് ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി തുക അനുവദിക്കുന്നതും ആയതിൽ നിന്നും ചെലവിനനുസൃതമായി സർക്കാർ സംഭാവനയിനത്തിൽ പദ്ധതിയേതര ഫണ്ടായി തുക നൽകുന്നതുമാണ്. |
| 27 | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് | റിസ്ക് ഫണ്ട് പദ്ധതിയിനത്തിൽ 384.03 കോടി രൂപ ഗുണഭോക്തൃ വിഹിതമായി ലഭിച്ചിട്ടുണ്ട്. ക്ഷേമ വികസന പദ്ധതിയിനത്തിൽ 17.11 കോടി രൂപ ഗുണഭോക്തൃ വിഹിതമായും മറ്റിനത്തിലും ലഭിച്ചിട്ടുണ്ട്. |
| 28 | കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് | അങ്കണവാടി ക്ഷേമനിധി ബോർഡിൽ നാളിതുവരെ ഗുണഭോക്തൃ വിഹിതമായി 29,66,23,921/- രൂപയും സർക്കാർ വിഹിതമായി 5,13,25,532/- രൂപയും ലഭിച്ചിട്ടുണ്ട്. |

## അനുബന്ധം - 4

| | | |
|---|---|---|
| 1 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി **81,63,067/-** രൂപ ചെലവഴിച്ചിട്ടുണ്ട് |
| 2 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | ഗുണഭോക്തൃ വിഹിതമായി നാളിതുവരെ 1022.55 കോടി രൂപ ചെലവഴിച്ചു. |
| 3 | കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡ് | 2017-18 വർഷം 5527 പേർക്ക് ആനുകൂല്യവിതരണത്തിനായി **4,04,98,647/-** രൂപ വിനിയോഗിച്ചിട്ടുണ്ട് 2018-19 വർഷം 7491 പേർക്ക് ആനുകൂല്യവിതരണത്തിനായി **6,01,70,428/-** രൂപ വിനിയോഗിച്ചിട്ടുണ്ട് |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യവിതരണത്തിനായി 1996-97, 1997-98 വർഷങ്ങളിൽ ലഭിച്ച **41,51,00,000/-** രൂപയിൽ നിന്ന് **41,34,20,000/-** രൂപ ചെലവഴിച്ചിട്ടുണ്ട് |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-19 സാമ്പത്തിക വർഷത്തിൽ **16,61,997/-** രൂപ ഗുണഭോക്താക്കൾക്ക് കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട് |
| 6 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | ചെലവഴിച്ച തുക :<br>വിവാഹധനസഹായം - **1,55,35,900/-**<br>പ്രസവധനസഹായം - **22,75,000/-**<br>സ്കോളർഷിപ്പ് - **2,59,000/-**<br>ചികിത്സാസഹായം - **2,46,975/-**<br>മരണാനന്തര സഹായം- **3,80,778/-** |
| 7 | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | നാളിതുവരെ ഈ ക്ഷേമനിധി ബോർഡിൽ നിന്നും ഗുണഭോക്തൃ വിഹിതമായി **91476711/-** രൂപ ചെലവഴിച്ചു. |
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന് ഇതുവരെ ഗുണഭോക്തൃ വിഹിതമായി **10,95,94,000/-** രൂപയും, പെൻഷനും മറ്റ് ആനുകൂല്യങ്ങൾ നൽകാനായി **71,98,14,128/-** രൂപയും ഇതുവരെ അനുവദിച്ചിട്ടുണ്ട് ഇങ്ങനെ ലഭിച്ച തുകയിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട് |
| 9 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | തൊഴിലാളികൾക്കുവേണ്ടി ചെലവഴിക്കുന്ന തുകയുടെ വളരെ ചെറിയൊരു ശതമാനമാണ് ബീഡി ബോർഡിന് ഗുണഭോക്തൃ വിഹിതമായി ലഭിക്കുന്നത്. ഏതാണ്ട് പൂർണ്ണമായും ഗവൺമെന്റ് ഗ്രാന്റ് ഉപയോഗിച്ചാണ് ബോർഡ് ആനുകൂല്യങ്ങൾ നൽകുന്നത് (ബീഡി തൊഴിലാളി പെൻഷൻ, ചുരുട്ടു തൊഴിലാളി പെൻഷൻ, എക്സ്ഗ്രേഷ്യാ സാമ്പത്തിക സഹായം (അവശത) സാമ്പത്തിക താങ്ങൽ പദ്ധതി). |

| | | |
|---|---|---|
| 10 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. | കെട്ടിട നിർമ്മാണ ക്ഷേമ ബോർഡിൽ സെസ്സ്, മറ്റിനങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം എന്നിവ അംഗത്തൊഴിലാളികൾക്ക് പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് വിനിയോഗിക്കുന്നു. ഗുണഭോക്തൃ വിഹിതമായി ലഭിക്കുന്ന തുക തൊഴിലാളികൾ വിരമിക്കുമ്പോൾ അംശാദായം തിരികെ നൽകുന്നു ടി ക്ഷേമ ബോർഡിൽ നിന്നും ഗുണഭോക്താക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്ത വകയിൽ നാളിതുവരെ ആകെ 23,31,47,13,912/- രൂപയും ചെലവഴിച്ചി ട്ടുണ്ട് |
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് നാളിതു വരെ 1,41,87,68,389/- രൂപ ഗുണഭോക്താക്കൾക്ക് ആനുകൂല്യയിനത്തിൽ ചെലവഴിച്ചി ട്ടുണ്ട് |
| 12 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം 03/2018 വരെ 9,74,72,853.37/- രൂപ ചെലവഴിച്ചി ട്ടുണ്ട് |
| 13 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | ഗുണഭോക്താക്കൾക്ക് വിരമിക്കൽ പെൻഷനായി 55,65,200/- രൂപയും, മറ്റ് ആനുകൂല്യങ്ങൾക്കായി 10,03,624/- രൂപയും നാളി തു വരെ നൽ കിയി ട്ടുണ്ട് |
| 14 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | തൊഴിലാളികളുടെ ക്ഷേമാനുകൂല്യങ്ങൾ നടപ്പാക്കുന്നതിനും ഭരണചെലവിനുമായും **75,62,15,637/-** രൂപയും ചെലവ ഴിച്ചിട്ടുണ്ട് |
| 15 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ സംഭാവന ഇനത്തിൽ ലഭിച്ച തുക ബോർഡിന്റെ ആനുകൂല്യമായ അധിവർഷാനുകൂല്യ വിതരണത്തിന് പൂർണ്ണ തോതിൽ വിനിയോഗിച്ചിട്ടുളളതാണ്. മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയുടെ വിതരണത്തിനും വിനിയോഗിച്ചിട്ടുണ്ട്. അംശദായ ഇനത്തിൽ ലഭ്യമായ തുക ബോർഡിലെ മറ്റ് ആനുകൂല്യങ്ങളുടെ വിതരണത്തിലേയ്ക്കായും ബോർഡിന്റെ ഭരണപരമായ ചിലവുകൾക്കായും വിനിയോഗിച്ചു വരുന്നുണ്ട്. |
| 16 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് നാളിതുവരെ പെൻഷൻ ഉൾപ്പെടെ വിവിധ ആനുകൂല്യ വിതരണത്തിനായി **3,65,33,83,316/-** രൂപ ചെലവഴിച്ചി ട്ടുണ്ട് |
| 17 | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് | ഇങ്ങനെ ലഭിച്ച തുകയിൽ നിന്നും 26,15,80,512/- രൂപ ഗുണഭോക്തൃ വിഹിതമായി ചെലവഴിച്ചു കഴിഞ്ഞു. |
| 18 | കേരള മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡ് | മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ ഗുണഭോക്തൃ വിഹിതമായി ലഭിച്ച തുക ഗുണഭോക്തൃ വിഹിത ഇനമായി ചെലവഴിക്കുന്നില്ല. |

| | | |
|---|---|---|
| 19 | കേരള റേഷൻ വ്യാപാരി ക്ഷേമനിധി | ഗുണഭോക്തൃവിഹിതമായി (അംശദായ വരവ് ഇനത്തിൽ) ലഭിച്ച 18,56,93,423/- രൂപയിൽ നിന്നും ക്ഷേമനിധി പദ്ധതി പ്രകാരം വ്യവസ്ഥ ചെയ്യുന്ന വിവിധ ആനുകൂല്യങ്ങൾക്കായി 14,90,12,174/- രൂപ ചിലവഴിച്ചിട്ടുണ്ട്. പി.ഡി. അക്കൗണ്ടിൽ നിന്നും ലഭിച്ച തുക സ്ഥിരനിക്ഷേപമായി ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട് |
| 20 | കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റി | 383128665/- രൂപ ഗുണഭോക്തൃ വിഹിതമായി ചെലവഴിച്ചിട്ടുണ്ട്. |
| 21 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | ക്ഷേമനിധിയിൽ അംഗങ്ങളായ ഖാദി തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിയ ഇനത്തിൽ 10,10,24,471/- രൂപ വിനിയോഗിച്ചു. |
| 22 | കേരള ക്ഷീര കർഷക ക്ഷേമനിധി | ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ, മറ്റു ധനസഹായ പദ്ധതികൾക്കായി 3,23,64,92,443/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| 23 | വ്യാപാരി ക്ഷേമബോർഡ് | 2018/19 വർഷം വ്യാപാരി ക്ഷേമനിധിയിൽ 11073 പെൻഷൻ ഗുണഭോക്താക്കളും മരണാനന്തരവും ആനുകൂല്യമായി 480 അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ആനുകൂല്യവും വിതരണം ചെയ്യുകയുണ്ടായി. ഗുണഭോക്തൃ ആനുകൂല്യ വിതരണത്തിനായി 70.81 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| 24 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2018-19 വരെ ഗുണഭോക്തൃ വിഹിതമായി 59853.82 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| 25 | കേരള സ്റ്റേററ് കോ ഓപ്പറേറ്റീവ് എംപ്ലോയിസ് വെൽഫയർ ബോർഡ് | സേവനത്തിൽ നിന്നും പിരിഞ്ഞുപോയ ജീവനകാർക്ക് വിഹിതം തിരികെ നൽകിയ തുക - 33,86,75,001/- രൂപ. |
| 26 | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപന ക്കാരുടെയും ക്ഷേമനിധി ബോർഡ് | ക്ഷേമനിധി ബോർഡ് നിലവിൽ വന്നതു മുതൽ 122.806/- രൂപ വിവിധ ക്ഷേമാനുകൂല്യങ്ങളുടെ വിതരണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. |
| 27 | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് | ബോർഡ് നടപ്പാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 366.05 കോടി രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. ക്ഷേമ വികസന പദ്ധതി പ്രകാരം 8.12 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. |
| 28. | കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് | അങ്കണവാടി ക്ഷേമനിധി ബോർഡ് ആരംഭിച്ചതിനു ശേഷം നാളിതുവരെ 63,78,22,746/- രൂപ ഗുണഭോക്തൃ വിഹിതമായി ചെലവഴിച്ചിട്ടുണ്ട്. |